ബുധനാഴ്ച ഉച്ചകഴിഞ്ഞുള്ള സിറ്റിംഗ് സാധാരണ 2.30-ന് കൂടുന്നതിനുപകരം 2.55-നാണ് ആരംഭിച്ചത്. ഔദ്യോഗികമായ ചില ചുമതലകളുള്ളതുകൊണ്ടാണ് 25 മിനിട്ട് താമസം നേരിട്ടതെന്നാണ് ആർ.ഡി.ഒ. പറയുന്നത്. ഹിയറിംഗ് നടത്തിവരുന്ന കേസ്സുകളിൽ ക്രമംതെറ്റി വിളിച്ചുവെന്ന കാരണത്താൽ ചില പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട് ക്രമപ്രകാരം തന്നെ വിളിക്കണമെന്ന് ഒരു അഭിഭാഷകൻ ആവശ്യപ്പെട്ടു. ഹിയറിംഗ് പുനഃക്രമീകരണം നടത്തണമെന്നതിന്റെ പേരിലാണ് തർക്കം ആരംഭിച്ചത്. ആ തർക്കത്തെത്തുടർന്ന് ചെറിയ സംഭാഷണങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ അഭിഭാഷകന് യോജിക്കാൻ ബുദ്ധിമുട്ടാണെന്ന് വന്നപ്പോൾ സബ്ഡിവിഷണൽ മജിസ്ട്രേട്ടെന്ന നിലയിൽ ആർ.ഡി.ഒ. അവരോട് പുറത്തുപോകാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് അവിടെ സംഭവങ്ങളുണ്ടാകുന്നത്. ഏതായാലും സംഭവം ജില്ലാ മജിസ്ട്രേട്ടുകൂടിയായ ജില്ലാകളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കളക്ടർ തന്നെ ഈ സബ്ഡിവിഷണൽ മജിസ്ട്രേട്ടിനെ വിളിപ്പിക്കുകയും മേലിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. ബാർ പ്രസിഡന്റുമായും കളക്ടർ പ്രശ്നങ്ങൾ ചർച്ച ചെയ്തു. അഭിഭാഷകരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ അതാവർത്തിക്കാൻ പാടില്ലെന്ന് രണ്ടുകൂട്ടരേയും വിളിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി യോജിച്ചുപോകാനുള്ള ശ്രമം നടത്തുകയുണ്ടായി. ഇത് നിയമവകുപ്പ് സെക്രട്ടറിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ട് ബാർ അസോസിയേഷൻ പ്രസിഡന്റിനേയും ഈ കാര്യങ്ങൾ അറിയിച്ചു. എന്നാൽ അതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കപ്പെട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹു. എം.എൽ.എ.യും ഈ പ്രശ്നത്തെക്കുറിച്ച് എനിക്ക് എഴുതിത്തരുകയുണ്ടായി. ബാർ അസോസിയേഷന്റെ ഭാരവാഹികളും കൂട്ടായിവന്ന് എന്നോട് സംസാരിക്കുകയുണ്ടായി. എം.എൽ.എ. തന്നെ ബാർ അസോസിയേഷന്റെ പ്രതിനധിയാണ്. അതുകൊണ്ട് എം.എൽ.എ. അടക്കമുള്ള ഭാരവാഹികളേയും ജില്ലാ കളക്ടറേയും ആർ.ഡി.ഒ.യേയും എല്ലാപേരേയും വിളിച്ച് ഞാൻ കൂടി പങ്കെടുത്ത് രമ്യമായി ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആ അടിസ്ഥാനത്തിൽ ആ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എം.എൽ.എ.യുമായി ഞാൻ ഈ കാര്യം സംസാരിച്ചപ്പോൾ അദ്ദേഹത്തിനും ബോദ്ധ്യമായിട്ടുണ്ട്. അങ്ങനെ അവസാനിപ്പിക്കാം.

(10) മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിക്കണമെന്ന ആവശ്യം

<u>ശ്രീ. യു.എസ്. ശശി</u> : സർ, മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറയിൽ ആരംഭിക്കാൻ തീരുമാനിച്ച മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ യാതൊരു പ്രവർത്തനവുമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഒരേക്കറോളം വരുന്ന സ്ഥലത്ത് ടെക്സ്റ്റയിൽ ഫെഡറേഷൻ മില്ലിനുവേണ്ടി നിർമ്മാണ പ്രവർത്തനമാരംഭിച്ച് പവർഹൗസ്, റെസ്റ്റ് ഷെഡ്ഡ്, ക്യാന്റീൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ട് വർഷങ്ങളായി. യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 95 ലക്ഷം രൂപ അഡ്വാൻസ് നൽകുകയും ചെയ്തു. 12,000 സ്പിൻഡിൽ പ്രവർത്തിപ്പിക്കാനുള്ളശേഷി മില്ലിനുണ്ടെന്നതിന്റെയടിസ്ഥാനത്തിലാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്പിൻഡിലുപയോഗി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുള്ള ഉൽപ്പാദനം ലാഭമല്ലെന്ന് വ്യവസായ വകുപ്പ് പറഞ്ഞതിന്റെയടിസ്ഥാനത്തിൽ പഴയ പ്രോജക്ട് മാറ്റി പുതിയ പ്രോജക്റ്റ് നൽകിയിട്ടും നടപടികളൊന്നും ആയിട്ടില്ല. ലക്ഷക്കണക്കിന് രൂപ മുതൽമുടക്കിയ ഈ സ്ഥാപനം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽ പ്രതീക്ഷിച്ച് മുന്നൂറിൽപ്പരം യുവതീയുവാക്കൾ ഈ സ്ഥാപനത്തിൽ 25,000 രൂപയുടെ ഷെയർവരെ എടുക്കുകയുണ്ടായി. ഈ സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ള നാല് ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം കൊടുക്കുന്നില്ല. മില്ലിന്റെ പ്രവർത്തനം പൂർത്തീകരിച്ച് മിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വ്യവസായ വകുപ്പുമന്ത്രിയോടും സർക്കാരിനോടും ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, പുത്തൻചിറയിലുള്ള മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിനുവേണ്ടി 8.05 കോടി രൂപ അടങ്കൽത്തുകയുള്ള പ്രോജക്ട് അനുസരിച്ച് മില്ലിന് ആവശ്യമായ കെട്ടിടങ്ങളുടെ പണി തുടങ്ങിയിരുന്നു. 90 ലക്ഷം രൂപ മെഷിനറി വാങ്ങുന്നതിന് അഡ്വാൻസായി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ 3.25 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. 6000 കതിരുകളുള്ള ഒരു മില്ലിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിന്റെ തുടക്കത്തിൽ സർക്കാർ വിഹിതത്തിനുപുറമെ ടേംലോണിനു വേണ്ടുന്ന നടപടിക്രമങ്ങളൊന്നും തന്നെ പൂർത്തിയാക്കിയിരുന്നില്ല. അത് മില്ലിന്റെ പ്രവർത്തനങ്ങളെ സ്തംഭനാവസ്ഥയിലാക്കി. ടെക്സ്റ്റയിൽ രംഗത്ത് പ്രത്യേകിച്ച് സ്പിന്നിംഗ് മേഖലയിൽ നിലവിലുള്ള പ്രതിസന്ധി ടേംലോൺ ലഭ്യതയ്ക്ക് തടസ്സം നിൽക്കുന്നു. സ്പിന്നിംഗ് മിൽ അല്ലാതെ മറ്റൊരു പ്രോജക്ട് തുറക്കുന്നതിന് നിർദ്ദേശങ്ങളൊന്നും സർക്കാരിനോ കേന്ദ്ര ഏജൻസിക്കോ ടെക്സ്ഫെഡിനോ കിട്ടിയിട്ടില്ല. പ്രസ്തുത മില്ലിൽ 294 ഷെയർ ഹോൾഡേഴ്സ് ഉണ്ട്. ദൈനംദിന ചെലവുകൾക്കായി രണ്ടു ലക്ഷം രൂപയും അത്യാവശ്യച്ചെലവുകൾക്കായി ഒരു ലക്ഷം രൂപയും മില്ലിന് നൽകിയിട്ടുണ്ട്. മില്ലിന്റെ ബാങ്ക് അക്കൗണ്ടിൽ 40,000 രൂപ കിടപ്പുണ്ട്. ഇതാണ് ഇന്നത്തെ സ്ഥിതി.

(11) അനാഥാലയങ്ങൾക്ക് നൽകിവരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുകയും കൂടിശ്ശിക നൽകുകയും ചെയ്യണമെന്ന ആവശ്യം

ശ്രീ. സി. മോയീൻകുട്ടി : സർ, എനിക്ക് കേരളത്തിലെ അനാഥശാലകളിലെ അന്തേവാസികളുടെ കാര്യമാണ് സംസാരിക്കാനുള്ളത്. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ഗ്രാന്റ് വർഷങ്ങളായി ലഭിക്കാതെ കിടക്കുകയാണ്. സമൂഹത്തിന്റെ ഉത്തമതാല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഏറെ സഹായാനുഭൂതി അർഹിക്കുന്ന ഈ പ്രശ്നം ഗൗരവമായി ഈ സഭയിൽ ചൂണ്ടിക്കാണിക്കുകയാണ്. നടപ്പുവർഷത്തിൽ അവർക്ക് കൊടുക്കുന്നത് 100 രൂപയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അത് 125 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 100 രൂപതന്നെ കുറെ വർഷങ്ങളായി കൊടുക്കാൻ ബാക്കിയുണ്ട്. 125 രൂപ കൊടുക്കുന്നതിന് നാളിതുവരെ നിർദ്ദേശം നൽകിയിട്ടുമില്ല. ഇത് കടുത്ത അനീതിയാണ്. അതുപോലെ അഞ്ചു വർഷങ്ങൾക്കുള്ളിൽ അനാഥാലയങ്ങളിൽ പുതുതായി പ്രവേശനം ലഭിച്ചിട്ടുള്ള കുട്ടികൾക്ക് ഗ്രാന്റ് ഒന്നുംതന്നെ നൽകിയിട്ടില്ല. ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്. സമൂഹത്തിന്റെ യാഥാർത്ഥ്യ മാർഗ്ഗത്തിലേയ്ക്ക് കുട്ടികളെകൊണ്ടുവരുന്ന അനാഥശാലകൾ സാമ്പത്തികമായ ബാദ്ധ്യതയും ഉത്തരവാദിത്വവും ദൗത്യവും ഏറ്റെടുത്തുകൊണ്ടാണ് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്. സാമ്പത്തികമായി വളരെ പ്രയാസത്തിലാണ്. എണ്ണിച്ചുട്ട അപ്പം പോലെ കിട്ടുന്ന 100 രൂപപോലും യഥാസമയം കൊടുക്കുന്നില്ല എന്നു മാത്രമല്ല 125 രൂപയായി വർദ്ധിപ്പിക്കുന്നുവെന്ന് പ്രഖ്യാ

LIBRARY ARCHIVES Kerala Legislative Assembly